# ജെ.ഡി.സി ഒഴിവാക്കി പ്രൊബേഷൻ പ്രഖ്യാപനത്തിന് ഉത്തരവിറങ്ങി

# ബഹു. മന്ത്രി വാക്കു പാലിച്ചു

പ്രിയപ്പെട്ട സഹപ്രർത്തകരെ,

2010 മുതൽ സഹകരണ വകുപ്പിലെ ജൂനിയർ ഇൻസ്പെക്ടർ / ആഡിറ്റർ തസ്തികയി -ലേക്ക് നിയമനം ലഭിച്ച B.com co-operation യോഗ്യത നേടിയവരുടെ പ്രൊബേഷൻ പ്രഖ്യാപനത്തിന് ജെ.ഡി.സി യോഗ്യത നേടിയിരിക്കണമെന്ന നിലവിലുള്ള വ്യവസ്ഥ ഒഴിവാക്കി സഹകരണ വകുപ്പ് 15-11-14 ലെ 138/14 നമ്പർ എക്സിക്യൂട്ടീവ് ഉത്തരവ് പുറപ്പെടുവിച്ചു. ഇതിനായി വേണ്ട നിർദേശം നൽകിയ ബഹു. സഹകരണ വകുപ്പ് മന്ത്രി ശ്രീ.സി.എൻ.ബാലകൃഷ്ണൻ അവറുകൾക്ക് ഞങ്ങൾ ഹൃദയംഗമമായ നന്ദി രേഖപ്പെടുത്തുന്നു. ഒപ്പം ഇതിനുവേണ്ടി ശ്രമങ്ങൾ നടത്തിയ മറ്റ് സർവ്വീസ് സംഘടനകൾക്കും ഒറ്റപ്പെട്ട മറ്റ് ശ്രമങ്ങൾക്ക് നേതൃത്വം നൽകിയ എല്ലാ ജീവനക്കാർക്കും ഞങ്ങൾ അഭിനന്ദനം രേഖപ്പെടുത്തുന്നു.

2010 മുതൽ സർവ്വീസിൽ പ്രവേശിച്ച B.com co-operation- കാരായ ജീനക്കാരുടെ പ്രൊബേഷൻ പ്രഖ്യാപനത്തിന് J.D.C യോഗ്യത അനിവാര്യമായിരുന്നു. എന്നാൽ 2013-ൽ നിലവിൽവന്ന സഹകരണ ഭേദഗതി നിയമ പ്രകാരം സഹകരണ സംഘങ്ങളുടെ ആഡിറ്റ് സമയ ബന്ധിതമായി പൂർത്തിയാക്കേണ്ടതിനാൽ കഴിഞ്ഞ 2 വർഷമായി വകുപ്പിലെ മേൽ ജീവനക്കാരെ J.D.C പരിശീലനത്തിന് അയച്ചിരുന്നില്ല. അങ്ങനെ ജീവനക്കാരുടേതല്ലാത്ത കാരണത്തിൽ പ്രൊബേഷൻ പ്രഖ്യാപനവും രണ്ടാം ഇൻക്രിമെന്റും തുടർന്നുള്ള ഇൻക്രിമെന്റുകളും കുടിശ്ശികയായി നിൽക്കുകയായിരുന്നു. സാമ്പത്തികമായും പ്രൊമോഷൻ സംബന്ധമായും ജീവനക്കാരെ പ്രതികൂലമായി ബാധിക്കുന്ന ഈ പ്രശ്നത്തിൽ 2013 ഫെബ്രുവരി മാസം ജീവനക്കാരുടെ ഒപ്പുശേഖരണം നടത്തി അധികാരികൾ ക്ക് സമർപ്പിക്കുന്നതു മുതൽ നിരന്തരമായി ഇടപെടീലുകളും ചർച്ചകളും നടത്തികൊണ്ടിരിക്കുകയായിരുന്നു.

തീരുമാനവും മറ്റ് നടപടികളും വേണ്ടവിധം പുരോഗമിക്കാതിരുന്ന സാഹചര്യത്തിൽ സംഘടന പ്രത്യക്ഷ സമര രംഗത്തേക്ക് വരുകയും 2014 സെപ്റ്റംബർ 18 ന് സഹകരണ സംഘം രജിസ്ട്രാർ ഓഫീസിനു മുന്നിൽ "ശ്രദ്ധ ക്ഷണിക്കൽ സദസ്സ്" എന്ന സമരപരിപാടി തീരുമാനിക്കുകയും ചെയ്തു. ഇതേ തുടർന്ന് സഹകരണ വകുപ്പ് ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ സെപ്റ്റംബർ പതിനാറാം തിയ്യതിയും ബഹു. സഹകരണ മന്ത്രിയുടെ സാന്നിധ്യത്തിൽ സെപ്റ്റംബർ പതിനേഴാം തിയ്യതിയും നടന്ന ചർച്ച യുടെ അടിസ്ഥാനത്തിൽ നിലവിൽ പി.എസ്.സി-യുടെ മുൻപാകെയുള്ള വിഷയത്തിൽ തീരുമാനമാകുന്ന മുറയ്ക്ക് സമയബന്ധിതമായി എക്സിക്യൂട്ടീവ് ഉത്തരവ് വഴി മേൽ ജീവനക്കാർക്ക് J.D.C ഒഴിവാക്കി പ്രൊബേഷൻ പ്രഖ്യാപിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിക്കാമെന്ന് വാഗ്ദാനം ലഭിച്ചു. ആയത് സമയബന്ധിതമായിത്തന്നെ 15/11/14-ലെ 138/14 നമ്പർ ഉത്തരവിലൂടെ സഹകരണ വകുപ്പ് യാഥാർത്ഥ്യമാക്കിയിരിക്കുന്നു. സഹകരണ രംഗത്തെ ആഡിറ്റ് മേഖലയിൽ അനിശ്ചിതത്വമുണ്ടായപ്പോൾ അടിയുറച്ച തീരുമാനമെടുത്ത് ആഡിറ്റർമാരുടെ ജോലി സ്ഥിരത ഉറപ്പുവരുത്തി സുവ്യക്തമായ തീരുമാനമെടുത്ത ബഹു. സഹകരണ മന്ത്രി വീണ്ടും വാക്ക് പാലിച്ച് ജീവനക്കാരുടെ ആശങ്ക അകറ്റി. ഇത്തരുണത്തിൽ ബഹു. സഹകരണ മന്ത്രിക്കും സഹകരണ സംഘം രജിസ്ട്രാർക്കും സഹകരണ വകുപ്പ് സെക്രട്ടറിക്കും മറ്റ് ജീവനക്കാർക്കും ഇതര സർവ്വീസ് സംഘടനകൾക്കും ഒരിക്കൽകൂടി അഭിവാദ്യം അർപ്പിച്ചുകൊള്ളുന്നു.

അഭിവാദ്യങ്ങളോടെ,

സംസ്ഥാന കമ്മറ്റിക്കു വേണ്ടി

**ജി മുരളീധരൻ**
പ്രസിഡന്റ്

**ബി.ശ്രീകുമാരൻ നായർ**
ജന. സെക്രട്ടറി

കേരളാ സ്റ്റേറ്റ് കൊ-ഓപ്പറേറ്റീവ് ഇൻസ്പെക്ടേഴ്സ് & ആഡിറ്റേഴ്സ് അസോസിയേഷൻ